# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3245 25/06/2012 ൽ മറുപടിക്ക്

### പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ പ്രതികരണം എന്താണെന്ന് വിശദമാക്കുമോ ; | (എ) + (ബി) 01.01.2012-ൽ ഒറ്റത്തവണ രജിസ്ട്രേഷൻ നിലവിൽവന്ന ശേഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. 6 മാസത്തിനുള്ളിൽതന്നെ 5,20,000 ത്തിലധികം പേർ രജിസ്റ്റർ ചെയ്യുകയും വിവിധ തസ്തികകളിലായി 2,14,070 പേർ 207 കാറ്റഗറിയിലായി അപേക്ഷിച്ചിരിയ്ക്കുകയുമാണ്. തിരഞ്ഞെടുപ്പു നടപടികൾ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യവുമായി ആരംഭിച്ചിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വളരെ പുരോഗതിയിൽ നടന്നുവരുന്നു. |
| (സി) പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് പ്രചരണം നടത്തുന്ന കാര്യം പരിഗണിക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) + (ഡി) ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി വഴി 5,20,000ത്തിലധികം പേർ രജിസ്റ്റർ ചെയ്തതിൽ 60,031 പേർ പട്ടിക ജാതിക്കാരും 7530 പേർ പട്ടിവർഗ്ഗത്തിൽപെട്ടവരും ആകുന്നു. പി.എസ്.സി.യുടെ വെബ്സൈറ്റ്, ബുള്ളറ്റിൻ, പത്രമാധ്യമങ്ങൾ ഇവ മുഖേന പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര അവബോധം നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഴി സൗജന്യമായി പി.എസ്.സി.ബുള്ളറ്റിൻ വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ആദിവാസി പട്ടികജാതി മേഖലയിൽപ്പെട്ട യുവതീയുവാക്കൾക്ക് കമ്മീഷന്റെ ഓൺലൈൻ രജിസ്ട്രേഷൻ, വൺടൈം രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുവേണ്ടി യൂത്ത് വെൽഫെയർ ഫണ്ട് ബോർഡിന്റെ ഈ വർഷത്തെ പ്രവർത്തന പദ്ധതിയിൽ പിന്നോക്ക മേഖലയിൽപ്പെട്ട എസ്.സി. എസ്.ടി യുവതീയുവാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക പി.എസ്.സി. ബോധവൽക്കരണ പരിപാടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ